# നമ്മുടെ പ്രസിഡന്റിന്റെ കത്ത്

വിഷയം: സ്കീമിൻമേലുള്ള വായ്പ, വോട്ടിങ് പ്രക്രിയ, നിങ്ങളുടെ പണം തിരിച്ചു തരൽ എന്നിവ സംബന്ധിച്ച് ഇപ്പോഴത്തെ സ്ഥിതി

പ്രിയ നിക്ഷേപകൻ,

ഞാൻ നിങ്ങളുമായി ആശയവിനിമയം നടത്തിയിട്ട് കുറച്ചായി. ആറ് സ്കീമുകൾ നിർത്തലാക്കാൻ കമ്പനി തീരുമാനിച്ചതിനെത്തുടർന്ന് നിങ്ങൾക്കുണ്ടായ നിരാശയിലും മനപ്രയാസത്തിലും ഞാൻ ആദ്യം തന്നെ ഖേദം പ്രകടിപ്പിക്കുകയാണ്. നന്നായി ആദായം തന്നുകൊണ്ടിരുന്ന 6 പദ്ധതികൾ നിർത്തലാക്കാനുള്ള കമ്പനിയുടെ തീരുമാനം ഏറ്റവും പ്രയാസമേറിയതായിരുന്നു എന്ന കാര്യം ഒരിക്കൽ കൂടി ആവർത്തിക്കുകയാണ്. ഈ തീരുമാനം താങ്കളിലുണ്ടാക്കിയ ആഘാതത്തെക്കുറിച്ച് ഞങ്ങൾ ബോധവാൻമാരാണ്.

നിലവിൽ ചില വെല്ലുവിളികൾ നേരിടേണ്ടിവരുമെങ്കിലും ഞങ്ങളുടെ യൂണിറ്റ് ഹോൾഡർമാരായ നിങ്ങളുടെ നിക്ഷേപത്തിന്റെ മൂല്യം സംരക്ഷിക്കുന്നത്തിനുള്ള ഏക മാർഗമായിരുന്നു ഈ ആറ് സ്കീമുകൾ നിർത്തലാക്കൽ. എല്ലാ നിക്ഷേപകർക്കും അവരുടെ പണം എത്രയും വേഗം തിരിച്ചു നൽകി ഇടപാടുകൾ അവസാനിപ്പിക്കാനുള്ള പ്രയത്നത്തിലാണ് ഫ്രാങ്ക്ളിൻ ടെംപിൾടൺ. വരാൻ പോകുന്ന വോട്ടിങ് പ്രക്രിയ ഇതിലേക്കുള്ള സുപ്രധാന കാൽവയ്പാണ്.

ചില സുപ്രധാന സംഭവവികാസങ്ങൾ പങ്കുവയ്ക്കുവാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു.

<u>നിക്ഷേപം നടത്തിയിട്ടുള്ള കമ്പനികളിൽ നിന്നുള്ള തിരിച്ചടവും സ്കീമിൻമേലുള്ള വായ്പയും</u>

ഫണ്ട് നിക്ഷേപിച്ചിട്ടുള്ള കമ്പനികളിൽ നിന്ന് തുക സാധാരണപോലെ തിരിച്ചു ലഭിച്ചുകൊണ്ടിരിക്കുന്നു എന്ന വസ്തുത ഞാൻ നിങ്ങളെ അറിയിക്കുകയാണ്. അതേസമയം നിർത്തലാക്കുന്ന ഫണ്ടുകളിൽ നിന്ന് വായ്പയെടുക്കുന്നതിൽ കാര്യമായ കുറവ് കാണുന്നുമുണ്ട്. പണം തിരിച്ചു വരുന്നത് കൂപ്പണുകൾ വഴിയും നിർദിഷ്ട കാലാവധി തീർന്നതിന്റെ ഫലമായും മുൻകൂർ തിരിച്ചടവ് മൂലവുമാണ്.

നിർത്തലാക്കിയ സ്കീമുകൾ കാലാവധി എത്തുമ്പോഴുള്ള സ്ഥിതി സംബന്ധിച്ച് കമ്പനി അറിയിച്ചിട്ടുള്ള വസ്തുതകളെക്കുറിച്ച് താങ്കൾക്ക് ആശങ്കയുണ്ടെന്ന കാര്യത്തിൽ ഞാൻ ബോധവാനാണ്. എന്നാൽ കാലാവധിയാവുമ്പോഴുള്ള സ്ഥിതി സംബന്ധിച്ചുള്ള ഞങ്ങളുടെ വെളിപ്പെടുത്തൽ ഓരോ സ്കീമിനും വ്യത്യസ്തമാണെന്നും ഓരോ കടപ്പത്രവും കാലാവധി എത്തുന്ന തീയതി പുട്/കോൾ ഡേറ്റ് എന്നിവയെ ആശ്രയിച്ച് വ്യത്യസ്തമായിരിക്കുമെന്നും ആവർത്തിക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ സ്കീമുകളിലെ ആസ്തി നഷ്ട വിൽപന നടത്താതെ തന്നെ പണമാക്കി മാറ്റാൻ പരമാവധി ശ്രമം നടത്തുന്നതാണ്. എങ്കിൽ മാത്രമേ നിക്ഷേപകർക്ക് എത്രയും പെട്ടെന്ന് നിക്ഷേപത്തുക തിരിച്ചു നൽകാൻ സാധിക്കുകയുള്ളൂ. ഈ കടപ്പത്രങ്ങളുടെ കാലാവധി തീരുന്നതിന് വളരെ മുൻപ് തന്നെ പണം തിരിച്ചു നൽകണമെന്നാണാഗ്രഹം.

ചട്ടമനുസരിച്ച്, യൂണിറ്റുടമകൾക്ക് പണം തിരിച്ചുക്കൊടുക്കുന്നതിനു മുൻപായി കടമെടുപ്പടക്കമുള്ള സ്കീമുമായി ബന്ധപ്പെട്ട എല്ലാ ബാദ്ധ്യതകളും തീർക്കേണ്ടതായിട്ടുണ്ട്. വായ്പ തിരിച്ചടയ്ക്കുന്നത് നിക്ഷേപകരുടെ മൂല്യം കുറയാൻ കാരണമാകുമെന്ന ഭയത്തിന് അടിസ്ഥാനമില്ലെന്ന് വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. സെബി ചട്ട പ്രകാരം സ്കീമിൻ മേൽ എടുത്തിട്ടുള്ള വായ്പകൾ സ്കീമിന്റെ ബാദ്ധ്യതയായാണ് കണക്കാക്കപ്പെടുന്നത്. ഇത് എയുഎം (അസറ്റ് അണ്ടർ മാനേജ്മെന്റ്) കണക്കാക്കുന്ന സമയത്ത് തന്നെ ക്രമീകരിച്ചിട്ടുണ്ട്. അതായത് എയുഎമ്മിനേക്കാൾ കൂടുതലാണ് പോർട്ഫോളിയോ വാല്യൂ എന്നതിനാൽ കടം തിരിച്ചുകൊടുക്കുന്നത് അറ്റ എയുമ്മിനെ ബാധിക്കില്ല.

## വോട്ടിങ് പ്രക്രിയ:

താങ്കളുടെ നിക്ഷേപത്തിന്റെ മൂല്യം സംരക്ഷിക്കുന്നതിനും പണം എത്രയും വേഗം തിരിച്ചു നൽകുന്നതിനും വേണ്ടിയാണ് ഈ ആറ് സ്കീമുകൾ നിർത്തലാക്കിയത്. നിർത്തലാക്കിയ നടപടിക്ക് സാധൂകരണം ലഭിക്കുന്നതിനായി ട്രസ്റ്റികൾക്ക് ഇതിനുള്ള അധികാരം നൽകിക്കൊണ്ട് യൂണിറ്റ് ഹോൾഡർ വോട്ട് ചെയ്യേണ്ടതുണ്ട്. 1966-ലെ സെബി (മ്യൂചൽ ഫണ്ട്) ചട്ടം 41 ഇത് അനുശാസിക്കുന്നു. അത് ലഭിച്ചു കഴിഞ്ഞാൽ ആസ്തി പണമാക്കി മാറ്റി അതത് സ്കീമിൽ നിന്ന് പണം വിതരണം ചെയ്യണം. വോട്ടിങ് നടപടി ക്രമം വിജയകരമായി പൂർത്തിയാക്കിയാൽ മാത്രമേ പണം തിരിച്ചു കൊടുക്കാൻ സാധിക്കുകയുള്ളൂ. ഫോർട്ഫോളിയോകൾ ലിക്വിഡേറ്റ് ചെയ്യുന്നതിന് സഹായിക്കാനായി ഞങ്ങളുടെ ട്രസ്റ്റികൾ ഒരു സ്വതന്ത്ര ഉപദേശകനെ നിയോഗിക്കുന്നതാണ്. വോട്ടിങ്ങിനുള്ള നടപടിക്രമങ്ങൾ തയ്യാറാക്കുന്നതിലാണ് ഞങ്ങൾക്ക് ഇപ്പോഴുള്ള ശ്രദ്ധ. വോട്ടിങ് പ്രക്രിയ സൗകര്യപ്രദവും എളുപ്പവുമാക്കാൻ ഞങ്ങൾ ശ്രദ്ധിക്കുന്നതാണ്.

നിർത്തലാക്കാൻ പോകുന്ന ആറ് സ്കീമുകളിലെ നിക്ഷേപകർക്കായി കുറച്ച് ദിവസങ്ങൾക്കകം നമ്മുടെ ട്രസ്റ്റിമാർ വോട്ടിങ് പ്രക്രിയ സംബന്ധിച്ചുള്ള നോട്ടീസ് ഇ-മെയിലിൽ അയക്കുന്നതാണ്. ഈ 'നോട്ടീസ്' ഓരോ സ്കീമിനും പ്രത്യേകമായി ഉണ്ടായിരിക്കും. ആറ് സ്കീമുകളിൽ ഓരോന്നിലും പ്രത്യകം പ്രത്യേകം വോട്ടിങ്ങുണ്ടാവും. അതായത്, നിർത്തലാക്കുന്ന ആറ് സ്കീമുകളിൽ ഒന്നിൽ കൂടുതലിൽ നിക്ഷേപമുള്ളവർ അവർക്ക് നിക്ഷേപമുള്ള സ്കീമുകളിലെല്ലാം വോട്ട് ചെയ്യേണ്ടതായിട്ടുണ്ട്.

വോട്ടിങ് പ്രക്രിയയുടെ ആവശ്യകത സംബന്ധിച്ച ചില തെറ്റിദ്ധാരണകൾ നീക്കാനും ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. എതിരായി വോട്ട് ചെയ്യുന്ന പക്ഷം സ്കീമുകൾ നിർത്താലാക്കാനുള്ള തീരുമാനം മാറുമെന്നും സ്കീമുകൾ തുടരുമെന്നും ചിലർ വിശ്വസിക്കുന്നുണ്ട്. ഇത് ശരിയല്ല. ആസ്തികൾ വിറ്റഴിച്ച് നിക്ഷേപകർക്ക് പണം തിരിച്ചു നൽകുന്നതിന് സാധിക്കും വിധം അടുത്ത നടപടിയിലേക്ക് കടക്കാൻ ട്രസ്റ്റികൾക്ക് അധികാരം നൽകുന്നതിനാണ് വോട്ട് ചെയ്യുന്നത്. ആസ്തികൾ വിറ്റഴിക്കുന്നതിനുള്ള അധികാരം ട്രസ്റ്റികൾക്ക് ലഭിക്കാത്തപക്ഷം ആസ്തികൾ പണമാക്കി മാറ്റി നിക്ഷേപകർക്ക് നൽകുന്ന പ്രക്രിയ നീണ്ടുപോവും. അതിനാൽ വിപണിയിലെ ഊഹാപോഹങ്ങളോ, മറ്റോ താങ്കളുടെ വോട്ടിങ് സംബന്ധിച്ച തീരുമാനത്തെ സ്വാധീനിക്കരുതെന്ന് അഭ്യർഥിക്കുകയാണ്. ഞങ്ങളുടെ തീരുമാനങ്ങൾ സമയമെടുത്ത് വിശദമായി മനസ്സിലാക്കാൻ ശ്രമിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. ഇതിനായി താങ്കളുടെ അഡ്വൈസറുമായി സംസാരിച്ച് സംശയങ്ങൾ ദൂരീകരിക്കുകയോ ഇവിടെ ക്ലിക്ക് ചെയ്ത് ആറ് സ്കീമുകൾ നിർത്തലാക്കിയതിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ മനസ്സിലാക്കുകയോ ചെയ്യുക.

## താങ്കളുടെ പണം തിരിച്ചു നൽകുന്നത് സംബന്ധിച്ച്:

സ്കീം നിർത്തലാക്കൽ പ്രക്രിയയോടനുബന്ധിച്ച്, കഴിയുന്നത്ര തവണ താങ്കളുമായി ആശയ വിനിമയം നടത്തിയും താങ്കളുടെ എല്ലാ സംശയങ്ങൾക്കും ആശങ്കകൾക്കും മറുപടി നൽകിക്കൊണ്ടും സുതാര്യത പുലർത്താൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. സമൂഹ മാദ്ധ്യമങ്ങളോ കോൾ സെന്ററോ വഴി ലഭിക്കുന്ന താങ്കളുടെ എല്ലാ അന്വേഷണങ്ങൾക്കും ഞങ്ങൾ മറുപടി നൽകുന്നതാണ്. കൂടാതെ ഇതൊടൊപ്പം ഒരു 'എഫ്എക്യൂ' ഡോകുമെന്റും വയ്ക്കുന്നുണ്ട്.

കഴിഞ്ഞ 25 വർഷത്തിലേറെയായി പ്രയാസപ്പെട്ട് കെട്ടിപ്പടുത്ത ഞങ്ങളുടെ സൽപ്പേരിനെ ഈ തീരുമാനം പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് എനിക്കറിയാം. ഞങ്ങളുടെ സൽകീർത്തിയേയും ബിസിനസ്സിനേയും സംബന്ധിച്ചേടത്തോളം ഇതിലും വലിയ വില നൽകാനില്ലായിരുന്നുവെങ്കിലും നിക്ഷേപകരുടെ മൂല്യം സംരക്ഷിക്കുന്നതിന് ഇതാണ് ശരിയായ മാർഗമെന്ന് ബോദ്ധ്യമുള്ളതുകൊണ്ടാണ് അങ്ങനെ ചെയ്തത്.

ഇന്ത്യയോടും ഞങ്ങളുടെ നിക്ഷേപകരോടുമുള്ള ഞങ്ങളുടെ പ്രതിബദ്ധത അചഞ്ചലമാണ് അസാധാരണമായ ഈ സാഹചര്യത്തിലും നിക്ഷേപകർക്കെല്ലാം പാരമാവധി മൂല്യം ഏറ്റവും വേഗത്തിൽ ലഭ്യമാക്കുന്നതിലാണ് ഇപ്പോൾ ഞങ്ങളുടെ ശ്രദ്ധ. ഞങ്ങളുടെ ബ്രാന്റ് സൽപ്പേര് വീണ്ടെടുക്കുന്നതിനും, അതിലുമുപരിയായി താങ്കളുടെ വിശ്വാസം കുറച്ചെങ്കിലും വീണ്ടെടുക്കുന്നതിനും ഇതാണ് ഏക മാർഗമെന്ന് ഞങ്ങൾ വിശ്വാസിക്കുന്നു.

വെബ്സൈറ്റിൽ കൊടുത്ത 'മാച്യൂരിറ്റി പ്രൊഫൈൽ' പ്രകാരം ഉടനെ തന്നെ ചില ഫണ്ടുകളിലെ നിക്ഷേപകർക്കെങ്കിലും പണം തിരിച്ചു നൽകാൻ സാധിക്കും വിധം വോട്ടിങ് പ്രക്രിയ വിജയകരമായി പൂർത്തിയാക്കാൻ സാധിക്കുമെന്ന പ്രതീക്ഷയിലാണ് ഞാൻ.

**കൂടുതൽ വിവരങ്ങൾ അറിയണമെങ്കിൽ**

1-800-258-4255, 1-800-425-4255 എന്നീ ഹെൽപ് ലൈൻ നമ്പറുകളിൽ തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ രാവിലെ 8 മണി മുതൽ രാത്രി 9 മണിവരെ വിളിക്കുകയോ service @ franklinktempleton.com എന്ന ഇ-മെയിലിൽ ബന്ധപ്പെടുകയോ ചെയ്യുക.

ഞാനും എന്റെ ടീമും താങ്കളുടെ എല്ലാ സംശയങ്ങൾക്കും മറുപടി നൽകാൻ തയ്യാറാണ്. അൽപം താമസിച്ചാൽ പോലും, ഞങ്ങൾ വീണ്ടും താങ്കളുമായി സംവാദിക്കാനെത്തുമെന്ന് ഉറപ്പ് നൽകുന്നു.

ആത്മാർഥതയോടെ

സഞ്ജയ് സാപ്രേ
പ്രസിഡന്റ്, ഫ്രാങ്ക്ളിൻ ടെംപിൾടൺ
അസറ്റ് മാനേജ്മെന്റ് 'ഇന്ത്യാ) പ്രൈവറ്റ് ലിമിറ്റഡ്